(എഫ്) എങ്കിൽ ഇവ എന്നത്തേക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതു സംബന്ധിച്ച് നിയമസഭയിൽ ബിൽ അവതരിപ്പിക്കുകയും ബിൽ, ഇതു സംബന്ധിച്ച് രൂപീകരിക്കപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സമിതി കാസർഗോഡ്, കോഴിക്കോട് എന്നീ 2 ജില്ലകളിൽ യോഗം ചേർന്ന് തെളിവെടുപ്പ് നടത്തുകയുണ്ടായിട്ടുണ്ട്.

(സി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കണമെന്നതാണ് സർക്കാരിന്റെ നയം.

(ഡി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ല. ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിൻ കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം 1-1-1995 മുതൽ പരിഷ്ക്കരിച്ച് ഉത്തരവായിരുന്നു. തുടർന്ന് 1-7-2003 മുതൽ വീണ്ടും പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഇ, എഫ്) നിയമസഭാ വിഷയനിർണ്ണയ സമിതിയുടെ ശുപാർശ ലഭിച്ചശേഷം ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

കോവളത്തിന്റെ വികസനത്തിനായി പദ്ധതികൾ

100 [2089] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നവീകരണത്തിന് ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കോവളം ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

1. കോവളം മേഖലയിലെ കുടിവെള്ള പദ്ധതി:

കോവളം മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതി തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിവരുന്നു. ആയതിന്റെ ചെലവ് അന്തിമമായി തീരുമാനിച്ചിട്ടില്ല.

2. റോഡുകളുടെ നവീകരണം—
33,80,000 രൂപ.

3. ആർട്ട് & ക്രാഫ്ട് വില്ലേജ്—
7,20,00,000 രൂപ.

4. സമുദ്ര ബീച്ച് പാർക്ക്—
66,00,000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

5. നടപ്പാതയുടെ വികസനം—
14,22,209 രൂപ.

6. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ—
44,14,000 രൂപ.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ

101 [2090] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുകളുള്ള തസ്തികകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഓരോ തസ്തികയിലും എത്ര ഒഴിവുകളുണ്ടെന്ന് പേർ സഹിതം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേവസ്വം ബോർഡ് അറിയിച്ചതനുസരിച്ച് താഴെ പറയുന്ന ഒഴിവുകൾ നിലവിലുണ്ട്:

1.	എൽ. ഡി. ക്ലാർക്ക്	..	59
2.	എൽ. ഡി. ടൈപ്പിസ്റ്റ്	..	6
3.	കഴകം	...	32
4.	തളി	..	71
5.	വാച്ചർ	..	55
6.	സ്ട്രോംഗ് റൂം ഗാർഡ്	..	6
7.	ഡ്രൈവർ	..	6
8.	ആനക്കാരൻ	..	9

(ബി ആൻറ് സി) ഒഴിവുകൾ നോട്ടിഫൈ ചെയ്തും അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെന്നും നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം നിയമനം നടത്തുന്നതാണെന്നുമാണ് ദേവസ്വം ബോർഡിൽനിന്നും ലഭിച്ച വിവരം.

മംഗളാദേവി ക്ഷേത്രം പുനരുദ്ധരിക്കാൻ നടപടി

102 [2091] ശ്രീ. കെ. മോഹൻകുമാർ:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗളാദേവി ക്ഷേത്രം കേരളത്തിലാണോ തമിഴ്നാട്ടിലാണോ സ്ഥിതിചെയ്യുന്നത്;

LIBRARY ARCHIVES Kerala Legislative Assembly